ഹോം സെക്രട്ടറി, കെ.കെ. വിജയകുമാർ. വിജയകുമാർ പട്ടികജാതിക്കാരനാണ്.

മി. സ്പീക്കർ : സബ്മിഷൻ ഉന്നയിക്കുമ്പോൾ ഇതൊന്നും ഇത്ര വിശദമായി പറയണ്ട. ഇന്റർഫിയറൻസ് പാടില്ല.

ശ്രീ. ടി. ശിവദാസമേനോൻ : സർ, അങ്ങനെ പറയരുത്. കുറെ വകുപ്പ് അദ്ധ്യക്ഷൻമാർ ഐ.എ.എസ്. പോസ്റ്റിംഗ് ആണ്. ഇവർ മാത്രമല്ല ബഹുമാനപ്പെട്ട കുട്ടപ്പൻ കേൾക്കണം. 1987 വരെ ഇലക്ട്രിസിറ്റി ബോർഡിൽ അടക്കം സ്പെഷ്യൽ റിക്രൂട്ടുമെന്റേ നടന്നിട്ടില്ല. ഓരോ വകുപ്പിലും എത്രത്തോളം പട്ടികജാതിക്കാർ ഉണ്ടെന്നു നോക്കാൻ അന്ന് ഞങ്ങളുടെ ഭരണപക്ഷത്തുള്ള ഡെപ്യൂട്ടിസ്പീക്കറായിരുന്ന ഭാർഗ്ഗവി തങ്കപ്പൻ പ്രതിപക്ഷത്തുള്ള ഡോ. എം.എ. കുട്ടപ്പനാണോ എന്ന് ഓർമ്മയില്ല, മൂന്ന് ഷെഡ്യൂൾഡ് കാസ്റ്റ് എം.എൽ.എ.മാർ എന്റെ ഓഫീസിൽ ഇരുന്ന് പരിശോധിച്ച് ലിസ്റ്റ് തയ്യാറാക്കി. വിവിധ തസ്തികയിലേക്ക് അങ്ങനെ പട്ടികജാതിക്കാരെ നിശ്ചയിച്ച ആദ്യത്തെ ഗവൺമെന്റ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. അതു മനസ്സിലാക്കണ്ടേ? ഇങ്ങോട്ടു പറയുമ്പോൾ ഡിഫെന്റ് ചെയ്യണ്ടേ? ഞാൻ ഡിഫെന്റു ചെയ്തു.....(തടസം).....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഹരിജൻ....

ശ്രീ. ടി. ശിവദാസമേനോൻ : നിങ്ങൾ ഹരിജനങ്ങളോട് ചെയ്തതൊക്കെ.....ഹരിജൻ എന്നുപറയാൻ പാടില്ല. പട്ടികജാതി എന്നുപറയണം. ഹരിജൻ എന്നുപറഞ്ഞതുതന്നെ തെറ്റാണ്. ഡോ. കുട്ടപ്പൻ പറയട്ടെ ഹരിജൻ എന്നുപറയുമോ?

ഡോ. എം.എ. കുട്ടപ്പൻ : ഹരിജൻ എന്നുപറയാൻ പാടില്ല.

ശ്രീ. ടി. ശിവദാസമേനോൻ : എഗ്രീഡ്. അദ്ദേഹത്തിൽനിന്നും പഠിക്കൂ. ഹരിജൻ എന്നുപറയാൻ പാടില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അങ്ങു പഠിച്ചു വരണം ആദ്യം.....

മി. സ്പീക്കർ : ശ്രീ. കെ.സി. വേണുഗോപാൽ : ശ്രീ. കെ.സി. വേണുഗോപാൽ....

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ...

മി. സ്പീക്കർ : സബ്മിഷൻ വേളയിൽ ഇതു പാടില്ല. അത് ചെയർ വീണ്ടും ആവർത്തിക്കുകയാണ്. സബ്മിഷൻ വേളയിൽ ഇതു പാടില്ല. അങ്ങനെയാണെങ്കിൽ ഒരു സബ്മിഷനും ഇവിടെ ഉന്നയിക്കാൻ പറ്റില്ല. അസാധാരണമായ ഒരു സംഭവം.....അടിയന്തിരപ്രമേയം മനസ്സിലാക്കാം.....(ബഹളം).....

ശ്രീ. ആര്യാടൻ മുഹമ്മദ് : മന്ത്രിക്ക് എന്തും പറയാമോ?

മി. സ്പീക്കർ : ഓരോ സബ്മിഷൻ വേളയിലും ഇങ്ങനെ ഇന്റർഫിയർ ചെയ്യാൻ തുടങ്ങിയാൽ ..... മന്ത്രി എന്തും പറയുകയാണെങ്കിൽ അതിനു മാർഗ്ഗമില്ലേ; ഇതാണോ മാർഗ്ഗം?

ശ്രീ. കെ.സി. വേണുഗോപാൽ : .....(ബഹളം).....

(15) "അമരാവതി സബ്ട്രഷറി" എന്ന നാടകം നിരോധിക്കാനുള്ള നീക്കം

ശ്രീ. കെ.സി. വേണുഗോപാൽ : സർ, കേരളത്തിലെ ജനപ്രിയ നാടകകൃത്ത് എന്ന നിലയിൽ ശ്രദ്ധേയനായ ശ്രീമൂലനഗരം മോഹൻ മുപ്പത്തഞ്ചു നാടകങ്ങളെഴുതി. സംസ്ഥാന സർക്കാരിൽ നിന്നും മികച്ച നാടക രചനയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാം സമ്മാനം വാങ്ങിയ ആളാണ്. അഞ്ചു സിനിമയ്ക്ക് തിരക്കഥ എഴുതിയിട്ടുണ്ട്. അവാർഡ് കമ്മിറ്റിയിൽ അംഗമായിരുന്നു. എഴുത്തിലൊക്കെ ഇടതു പക്ഷ സ്വഭാവം പുലർത്തുന്ന ആളാണ്. ആ ശ്രീമൂലനഗരം മോഹൻ ഏറ്റവും ഒടുവിൽ എഴുതിയ 'അമരാവതി സബ് ട്രഷറി' എന്ന നാടകം കൊല്ലത്തെ അരീനാ തിയേറ്റേഴ്സ് അവതരിപ്പിക്കുന്നു. സർ, ഈ നാടകത്തിൽ സാധാരണക്കാർ ട്രഷറി ഓഫീസിൽ എത്തുമ്പോൾ അനുഭവിക്കുന്ന ദുരിതങ്ങളാണ് ഹാസ്യാത്മകമായി ചിത്രീകരിച്ചിട്ടുള്ളത്. ഈ നാടകം എഴുതിയതിന്റെ പേരിൽ ആലുവ സബ്ട്രഷറി ജീവനക്കാരനായിരുന്ന മോഹനന് എതിരായി ട്രഷറി വകുപ്പ് അച്ചടക്ക നടപടികൾ ആരംഭിച്ചിരിക്കുകയാണ്. ധനകാര്യ സെക്രട്ടറിയും ട്രഷറി ഡയറക്ടറും മറ്റും ഈ നാടക രചനയ്ക്ക് മുൻകൂർ അനുവാദം വാങ്ങിയിട്ടുണ്ടോ എന്ന് വിശദീകരണം ചോദിച്ചു. മാത്രമല്ല സ്ക്രിപ്റ്റ് ഞങ്ങളെ കാണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എഴുതിയിരിക്കുന്നു. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് ഏറ്റവും കൂടുതൽ മുറവിളി കൂട്ടുന്നവരാണ് നമ്മൾ. ദീപാ മേത്തയുടെ 'വാട്ടർ' സിനിമയ്ക്ക് നേരെ അപ്പുറത്തു നിന്നും ഇപ്പുറത്തുനിന്നും ഒരുപോലെ പ്രതിഷേധമുയർത്തി. അതിനെതിരെ ഉത്തരേൻഡ്യയിൽ സംഘ്പരിവാർ അടക്കമുള്ള ആളുകൾ നടത്തുന്ന കടന്നുകയറ്റത്തിനെതിരെ നമ്മൾ ഒറ്റക്കെട്ടായി പ്രതിഷേധിച്ചവരാണ്. വാട്ടർ സിനിമക്ക് എതിരെ പ്രതിഷേധിച്ച ബി.ജെ.പി. ഗവൺമെന്റിന് എതിരായി നമ്മൾ ഒറ്റക്കെട്ടായി പ്രതിഷേധിച്ചെങ്കിൽ ഇവിടെ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് എതിരായി കടന്നുകയറ്റം നടത്തിയിരിക്കുന്നു. ഇഷ്ടമില്ലാത്ത പരാമർശനങ്ങൾ നടത്തിയതിന്റെ പേരിൽ ഏതു സാഹിത്യ രചനക്കും കൂച്ചുവിലങ്ങിടാൻ അധികാരമുപയോഗിക്കുന്നവരാണ് നമ്മൾ. ഇതിനുമുമ്പ് അരുന്ധതി റായിക്ക് സ്വീകരണം കൊടുത്തതിന്റെ പേരിൽ കോഴിക്കോട് ട്രഷറി വകുപ്പിലെ പ്രഭാകരൻ എന്ന ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു. എന്താണിത്? ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനെതിരെ കടന്നുകയറ്റം നടത്തുന്നു. ഇടതുപക്ഷസ്വഭാവമുണ്ടെന്നു പറയുന്ന ഈ ഗവൺമെന്റ് 'വാട്ടർ' സിനിമക്ക് എതിരായി നടത്തുന്ന ബി.ജെ.പി. ഗവൺമെന്റിനെതിരായി പ്രസംഗിക്കുന്ന ആളുകൾ ഇവിടെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന് എതിരായി കടന്നാക്രമണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതു അവസാനിപ്പിക്കണം. എൻ.ജി.ഒ. യൂണിയന് എതിരായി പരാമർശമുണ്ട് എന്ന ഒറ്റ കാരണം കൊണ്ടാണ് ഇടതുപക്ഷ ചിന്താഗതിക്കാരനായ മോഹനന് എതിരായി അച്ചടക്ക നടപടി സ്വീകരിക്കുന്നത്. ഈ അച്ചടക്ക നടപടി പിൻവലിക്കണം. എഴുത്തുകാരന്റെ ആവിഷ്ക്കാര സ്വാതന്ത്ര്യം അദ്ദേഹത്തിന് വിട്ടുകൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബഹുമാനപ്പെട്ട അംഗം ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ഉന്നയിച്ചിട്ടുള്ളത്. അത് അർഹിക്കുന്ന ഗൗരവത്തോടുകൂടി ഗവൺമെന്റ് കാണുന്നു. ഒരു പറ്റം ട്രഷറി ഉദ്യോഗസ്ഥൻമാരുടെ കംപ്ലെയിന്റിന്റെ മുകളിൽ, കംപ്ലെയിന്റ് കിട്ടിയിട്ടേയുള്ളൂ. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിൽ ഒന്നും ചെയ്യാൻ പോകുന്നില്ല. ഇതു തെറ്റാണെന്ന് ചില സാംസ്ക്കാരികനായകൻമാർ നമ്മുടെ കടമ്മനിട്ട, പിരപ്പൻകോട് മുരളി ഇവരൊക്കെ നിവേദനം നടത്തിയിട്ടുണ്ട്. കെ.സി. വേണുഗോപാൽ വളരെ നല്ലൊരു കാര്യമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. നീതിക്കുവേണ്ടി പ്രസംഗിക്കുകയാണുണ്ടായത്. ശ്രീമൂലനഗരം മോഹനന്റെ പേരിൽ ഒരു നടപടിയും എടുക്കുന്നില്ല. ഈ ഗവൺമെന്റ് അദ്ദേഹത്തിനെ acquit ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly